**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 231** **28.10.2019-ൽ മറുപടിക്ക്**

## ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സർവ്വീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ഷാഫി പറമ്പിൽ** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) | വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്ക് പറ്റുന്നവർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയാൽ നാല്പത്തിയെട്ട് മണിക്കൂർ വരെയുള്ള ചികിത്സാ ചിലവ് സർക്കാർ വഹിക്കുന്നതിന് 2.11.2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതാധികാര സമിതിയോഗം തീരുമാനം എടുത്തിരുന്നോ;എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കാണുകയും ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.11.2017-ൽ കൂടിയ യോഗത്തിൽ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ഇൻഷുറൻസ് കമ്പനികളിൽ നിന്നോ ഇൻഷുറൻസ് കമ്പനികളുടെ കൂട്ടായ്മയിൽ നിന്നോ ഒരു ട്രോമകെയർ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിനായി 11/01/2018 ൽ താല്പര്യപത്രം ക്ഷണിച്ചു. താഴെ പറയുന്ന കാര്യങ്ങൾ ഏകോപിക്കുക എന്നതായിരുന്നു തിരഞ്ഞെടുക്കപ്പെടുന്ന കമ്പനിയുടെ ചുമതല.<br>1. റോഡപകടങ്ങളെ സംബന്ധിച്ചുള്ള ചികിത്സകൾക്ക് വൈദഗ്ധ്യമുള്ള ആശുപത്രികളെ കണ്ടെത്തുകയും എംപാനൽ ചെയ്യുകയും, അവരുമായി കരാറിലെത്തുകയും ചെയ്യുക.<br>2. റോഡപകടങ്ങളിൽപ്പെടുന്നവർക്കുള്ള ചികിത്സ പാക്കേജുകൾ ഉണ്ടാക്കുകയും ആശുപത്രികളുമായി ചർച്ച ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്ക് കണ്ടെത്തുകയും ചെയ്യുക.<br>3. ചികിത്സാനന്തരം ആശുപത്രികൾ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധനക്ക് വിധേയമാക്കുകയും അർഹതപ്പെടുന്ന തുക 21 ദിവസങ്ങൾക്കുള്ളിൽ ആശുപത്രികൾക്ക് മടക്കി നല്കുക.<br>4. അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ ഇൻഷുറൻസ് കമ്പനികളിൽ നിന്നും അപകടത്തെ തുടർന്നുണ്ടായ ചികിത്സക്കായി ചെലവഴിച്ച തുക തിരിച്ചു പിടിച്ച് ആശുപത്രി [illegible]കൾക്കായി വിനിയോഗിക്കുക. |

| | | | |
|---|---|---|---|
| | | | 5. അപകടത്തിൽപ്പെട്ട വാഹനങ്ങളെ കണ്ടെത്തുവാൻ സാധിക്കാതെ വരുന്ന പക്ഷം, സംസ്ഥാന സർക്കാരിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും പ്രസ്തുത തുക ഈടാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.<br>6. അപകടത്തിൽപ്പെടുന്ന ആൾക്കാരുടെ പുനരുദ്ധാരണത്തിനായുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും സംസ്ഥാന സർക്കാരിന് നല്കുക. പ്രസ്തുത മീറ്റിങ്ങിനു ശേഷം 24/04/2018 ന് ഇൻഷുറൻസ് കമ്പനികളുടെ ഒരു മീറ്റിംഗ് വിളിക്കുകയുണ്ടായി. വിവിധ ഇൻഷുറൻസ് കമ്പനികളിൽ നിന്നായി 35 പേരോളം പങ്കെടുത്തു. പ്രസ്തുത മീറ്റിങ്ങിൽ സെക്രട്ടറി ജനറൽ ഓഫ് ജനറൽ ഇൻഷുറൻസും പങ്കെടുത്തിരുന്നു. എന്നാൽ ഇൻഷുറൻസ് കമ്പനികൾക്ക് പ്രസ്തുത പദ്ധതിയോടുള്ള താല്പര്യകുറവുമൂലം 24/04/2018 ൽ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിൽ ഒരു തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തീരുമാനമായി. അതിനായി 02/04/2019 ൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ഒരു ടെണ്ടർ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. അതിനുശേഷം 26 ആഗസ്റ്റ് 2019 ൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ KASP ന്റെ മാതൃകയിൽ പ്രൈവറ്റ് ആശുപത്രികളെ എംപാനൽ ചെയ്യുവാനും അത്യാഹിതങ്ങൾക്കായി KASP യിൽ കൊടുത്തു വരുന്ന പാക്കേജുകൾ നിശ്ചയിക്കുവാനും തീരുമാനിച്ചു. ഇതിനോടനുബന്ധിച്ച് സ്വകാര്യ ആശുപത്രി കളുമായി ഒരു ചർച്ച വെയ്ക്കുവാൻ തീരുമാനിച്ചു. അതിന്റെ തുടർച്ചയായി 04/10/2019 ൽ കേരളത്തിലെ സ്വകാര്യ ആശുപത്രി പ്രതിനിധികളുമായി തിരുവനന്തപുരത്ത് വച്ച് ഒരു ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ, 48 മണിക്കൂർ സൗജന്യ ചികിത്സ നൽകുന്നതിനെ സംബന്ധിച്ച് രൂപരേഖകൾ തയ്യാറാക്കുവാനും സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയുമായി ചേർക്കുവാനും ഒരു അഡ്വൈസറി കമ്മിറ്റിയെ നിയമിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

(ബി) ഏതൊക്കെ സ്വകാര്യ ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അത്യാഹിതങ്ങളും റോഡ് അപകടങ്ങളും കൈകാര്യം ചെയ്യുവാൻ ഉപകരണങ്ങളും സൗകര്യങ്ങളും ഉള്ള ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(സി) വാഹനാപകടങ്ങളിൽ പരിക്ക് പറ്റുന്നവരെ പെട്ടെന്ന് തന്നെ ആശുപത്രികളിൽ എത്തിക്കുവാൻ ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ എത്ര ആംബുലൻസുകളാണ് സംസ്ഥാനത്ത് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാഹന അപകടത്തിൽ പരിക്ക് പറ്റുന്നവരെ പെട്ടെന്ന് തന്നെ ആശുപത്രിയിൽ എത്തിക്കുവാൻ ജി.പി.എസ് സംവിധാനമുള്ള 315 ആംബുലൻസുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ വാഹന ശൃംഖലയുടെ ഒന്നാംഘട്ട ഉദ്ഘാടനം 2019- സെപ്റ്റംബർ 17 ന് ബഹു.മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു. ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ പ്രസ്തുത പദ്ധതി 25.09.2019 മുതൽ നിലവിൽ വന്നു. 101 ആംബുലൻസുകളാണ് ഒന്നാംഘട്ടത്തിൽ സേവനം നടത്തുന്നത്. പ്രസ്തുത പദ്ധതി തൃശ്ശൂർ മുതൽ കാസർകോഡ് വരെയുള്ള രണ്ടാംഘട്ട ഉദ്ഘാടനം 21.10.2019-ൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രി കണ്ണൂരിൽ നിർവഹിച്ചു.

(ഡി) സംസ്ഥാനത്ത് നിലവിൽ ഈ സംവിധാനം ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും ആയതിലേയ്ക്കായി പ്രതിവർഷം ഏജൻസിയ്ക്ക് എന്ത് തുകയാണ് നൽകേണ്ടതെന്നും വ്യക്തമാക്കാമോ?

(ഡി) സർക്കാർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ഒരു ഇ ടെണ്ടർ വിളിക്കുകയും അതിൽ ജി.വി.കെ. ഇ.എം.അർ.ഐ എന്ന കമ്പനി ടെണ്ടർ നേടുകയും ചെയ്തു. പ്രസ്തുത ഏജൻസി പ്രതിവർഷ പ്രവർത്തനത്തിനായി സമർപ്പിച്ച നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

| Aggregator Model of Ambulance Services to Entire Districts - Cost Per Year | | | | | |
|---|---|---|---|---|---|
| Year | Item Description | Quantity | Cost of operation per ambulance in ₹ | Cost per year ₹ | Total yearly cost ₹ |
| 1 | Expense for operating one ambulance 24 hours per day as per the conditions stipulated in the tender for a period of one month - Year I | 150.00 | 270000.00 | 486000000.00 | 84,77,46,000.00 |
| | Expense for operating one ambulance 12 hours per day as per the conditions stipulated in the tender for a period of one month - Year I | 165.00 | 1,82,700.00 | 36,17,46,000.00 | |
| 2 | Expense for operating one ambulance 24 hours per day as per the conditions stipulated in the tender for a period of one month - Year II | 150.00 | 2,97,000.00 | 53,46,00,000.00 | 93,25,20,600.00 |
| | Expense for operating one ambulance 12 hours per day as per the conditions stipulated in the tender for a period of one month - Year II | 165.00 | 2,00,970.00 | 39,79,20,600.00 | |
| 3 | Expense for operating one ambulance 24 hours per day as per the conditions stipulated in the tender for a period of one month - Year III | 150.00 | 3,26,700.00 | 58,80,60,000.00 | 1,02,57,72,660.00 |
| | Expense for operating one ambulance 12 hours per day as per the conditions stipulated in the tender for a period of one month - Year III | 165.00 | 2,21,067.00 | 43,77,12,660.00 | |
| 4 | Expense for operating one ambulance 24 hours per day as per the conditions stipulated in the tender for a period of one month - Year IV | 150.00 | 3,59,370.00 | 64,68,66,000.00 | 1,12,83,50,520.00 |
| | Expense for operating one ambulance 12 hours per day as per the conditions stipulated in the tender for a period of | 165.00 | 2,43,174.00 | 48,14,84,520.00 | |

| | | | | | |
|---|---|---|---|---|---|
| | one month - Year IV | | | | |
| 5 | Expense for operating one ambulance 24 hours per day as per the conditions stipulated in the tender for a period of one month - Year V | 150.00 | **3,95,307.00** | 71,15,52,600.00 | **1,24,11,84,780.00** |
| | Expense for operating one ambulance 12 hours per day as per the conditions stipulated in the tender for a period of one month - Year V | 165.00 | **2,67,491.00** | 52,96,32,180.00 | |
| | Total Amount required for the five years of operation | | | | **5,17,55,74,560.00** |